**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **508**

**09.02.2016**- ലെ മറുപടിക്ക്

## സഹകരണ മേഖലയിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ** (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ ബാങ്കിംഗ് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളും അവയുടെ ബ്രാഞ്ചുകളും എത്ര; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഏക ഷെഡ്യൂൾഡ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും 60 അർബൻ ബാങ്കുകളുമാണ് റിസർവ് ബാങ്ക് ലൈസൻസോടുകൂടി ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നത്. ഇതിനു പുറമേ 1605 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും/സർവ്വീസ് സഹകരണ സ്ഥാപനങ്ങളും ബാങ്കിംഗ് ബിസിനസ് നടത്തിവരുന്നു.<br>സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളും ജില്ലാസഹകരണ ബാങ്കുകളുടെ 776 ശാഖകളും അർബൻ ബാങ്കുകളുടെ 403 ശാഖകളും ബാങ്കിംഗ് ബിസിനസ്സ് നടത്തി വരുന്നു.<br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ/ സർവ്വീസ് സഹകരണ ബാങ്കുകളുടെ 3244 ശാഖകളും ബാങ്കിംഗ് ബിസിനസ്സ് നടത്തിവരുന്നു.<br>കൂടാതെ ദീർഘകാല കാർഷിക വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും 75 പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളും പരിമിതമായ തോതിൽ ബാങ്കിംഗ് ബിസിനസ്സ് നടത്തിവരുന്നുണ്ട്. |

| | |
|---|---|
| ബി) കേരളത്തിലെ ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ സാന്ദ്രത കൂടിക്കൊണ്ടിരിക്കുന്നത്, സഹകരണ സ്ഥാപനങ്ങളെ എങ്ങിനെയാണ് ബാധിച്ചുകൊണ്ടിരിക്കുന്നതെന്ന് പരിശോധിക്കുമോ? | (ബി) പരിശോധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ മറ്റു ബാങ്കുകളെപ്പോലെ ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തുകയും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ ബാങ്കിംഗ് പ്രോഡക്റ്റുകൾ കാലതാമസം കൂടാതെ നൽകുകയും ചെയ്യില്ലെങ്കിൽ ബാങ്കിംഗ് സംവിധാനത്തിൽ സാന്ദ്രത കൂടുന്നത് സഹകരണ സ്ഥാപനങ്ങളെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇത് നേരിടാനായി സഹകരണ സ്ഥാപനങ്ങളുടെ ആധുനികവത്കരണത്തിന് സർക്കാർ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**